പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 210 26-03-2013-ൽ മറുപടിക്ക്

## നിയമങ്ങളെക്കുറിച്ച് സാധാരണക്കാരിൽ അവബോധമുണ്ടാക്കാൻ നടപടി

ചോദ്യം

*210 ശ്രീ.കെ.എൻ.എ.ഖാദർ
,, പി.കെ.ബഷീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ.എ.നെല്ലിക്കുന്ന് .

ഉത്തരം

ശ്രീ.കെ.എം.മാണി
(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | നിയമങ്ങളെക്കുറിച്ച് വിശിഷ്യാ സാമൂഹ്യ അച്ചടക്കം സംബന്ധിച്ച നിയമങ്ങളെക്കുറിച്ച് സാധാരണക്കാരിൽ അവബോധമുണ്ടാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ; | സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന നിയമ സേവന സമിതികൾ, ഗ്രാമങ്ങളിലും കുടുംബശ്രീ യൂണിററുകളിലും സ്കൂളുകളിലും നിയമ സാക്ഷരതാ ക്ലാസ്സുകളും ക്യാമ്പുകളും സെമിനാറുകളും നിരന്തരം സംഘടിപ്പിച്ചു വരുന്നുണ്ട്. ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ സംസ്ഥാനത്ത് പ്രബല്യത്തിലിരിക്കുന്ന കേന്ദ്ര നിയമങ്ങളുടെ പരിഭാഷ തയ്യാറാക്കി അച്ചടിച്ച പുസ്തകങ്ങളാക്കി വിൽപ്പന വിഭാഗത്തിലൂടെ വിൽപ്പന നടത്തുക വഴി കേന്ദ്ര നിയമങ്ങളുടെ മലയാള പരിഭാഷ ഒരു പരിധിവരെ സാധാരണക്കാരിൽ എത്തിക്കുന്നുണ്ട്. |
| (ബി) | നിയമങ്ങൾ സാമൂഹ്യ നന്മയ്ക്ക് വേണ്ടിയാണെന്ന് സാധാരണക്കാരെ ബോദ്ധ്യപ്പെടുത്താനും, അവർക്ക് നിയമങ്ങൾ കൂടുതൽ | നിയമങ്ങൾ സാമൂഹ്യ നന്മയ്ക്ക് വേണ്ടിയാണെന്ന് സാധാരണക്കാരെ ബോദ്ധ്യപ്പെടുത്തുവാനും അവർക്ക് നിയമങ്ങൾ കൂടുതൽ പരിചിതമാക്കുന്നതിനായി പ്രത്യേകിച്ചും സ്ത്രീകളെയും |

| | | |
|---|---|---|
| | പരിചിതമാക്കാനും നിലവിലെ നിയമങ്ങൾ കൂടുതൽ ലളിതവും സുതാര്യവും ആക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ ; | വിദ്യാർത്ഥികളെയും ഉദ്ദേശിച്ചുകൊണ്ട് നിയമ പാഠം, സ്ത്രീയും നിയമവും എന്നിങ്ങനെ കൈപ്പുസ്തകങ്ങൾ കേരള സംസ്ഥാന നിയമ സേവന അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഈ പുസ്തക ങ്ങളിൽ നമ്മുടെ ഭരണഘടനയെക്കുറിച്ചും ജനാധിപത്യ സംവിധാനത്തെക്കുറിച്ചും പ്രധാനപ്പെട്ട ക്രിമിനൽ/സിവിൽ നിയമത്തെക്കുറിച്ചും വിവരസാങ്കേതിക നിയമത്തെക്കുറിച്ചും പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയുള്ള നിയമത്തെക്കുറിച്ചും (വിശിഷ്യ സാമൂഹിക അച്ചടക്കം) മറ്റും പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിയമങ്ങൾ കൂടുതൽ ലളിതവും സുതാര്യവും ആക്കുന്നതിനുവേണ്ടി സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | സാധ്യമാവുന്നിടത്തോളം നിയമങ്ങൾ ലളിതമായി മലയാളത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ ? | സംസ്ഥാന നിയമനിർമ്മാണസഭ പാസ്സാക്കുന്ന നിയമങ്ങൾ എല്ലാം തന്നെ മലയാളത്തിലാണ് അവതരിപ്പിച്ച് പാസ്സാക്കിവരുന്നത്. അഥവാ ഇംഗ്ലീഷിൽ നിയമസഭയിൽ അവതരിച്ച് പാസ്സാക്കിയാൽ തന്നെയും അതിന്റെ മലയാളത്തിലുള്ള ഔദ്യോഗിക പരിഭാഷ ഉടൻതന്നെ തയ്യാറാക്കുകയും ഗവർണ്ണറുടെ അംഗീകാരത്തോടെ പൊതുജനങ്ങളുടെ അറിവിലേക്കായി ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. കേന്ദ്ര നിയമങ്ങളെ സംബന്ധിച്ചാണെങ്കിൽ ഔദ്യോഗികഭാഷ (നിയമനിർമ്മാണ) |

| | | |
|---|---|---|
| | | കമ്മീഷൻ സംസ്ഥാനത്ത് പ്രാബല്യത്തിലിരിക്കുന്ന കേന്ദ്ര നിയമങ്ങളുടെ മലയാള പരിഭാഷ തയ്യാറാക്കി, രാഷ്ട്രപതിയുടെ അനുമതിയോടെ ഗസറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. നിയമങ്ങൾ മലയാളത്തിൽ തയ്യാറാക്കുന്നത് കഴിയുന്നിടത്തോളം ലളിതമായിട്ടാണ്. |

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**